©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X

# (SUBJECT COMMITTEE X)

# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

# (FOREST ENVIRONMENT AND TOURISM)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2021 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2021)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം
ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th July,2021)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

2021SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2021

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X

# (SUBJECT COMMITTEE X)

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

(FOREST ENVIRONMENT AND TOURISM)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2021 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2021)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

938/2021.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 17 |

# സബ്ജക്ട് കമ്മിറ്റി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (2021-2023)

**ഘടന**

<u>ചെയർമാൻ:</u>

ശ്രീ. എ. കെ. ശശീന്ദ്രൻ,

വനം-വന്യജീവി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. പി. എ. മുഹമ്മദ് റിയാസ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. എം. മുകേഷ്

ശ്രീ. നജീബ് കാന്തപുരം

ശ്രീ. എ. രാജ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. എസ്. സുപാൽ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. റെജി ബി., ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ലാലി വി. എസ്., അണ്ടർ സെക്രട്ടറി.

# അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ 2019-2021 കാലയളവിലുള്ള സബ്ജക്ട് കമ്മിറ്റി X, 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പതിനാലാം കേരള നിയമസഭ പിരിച്ചുവിടപ്പെട്ട സാഹചര്യത്തിൽ 2019-2021-ലെ സമിതിക്ക് ഈ റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കാൻ സാധിച്ചില്ല. പ്രസ്തുത സമിതിയിൽ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജു ചെയർമാനും ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ എക്സ്-ഒഫീഷ്യോ അംഗവും സർവ്വശ്രീ ബി. ഡി. ദേവസ്സി, എൽദോ എബ്രഹാം, എസ്. രാജേന്ദ്രൻ, റോജി എം. ജോൺ, കെ. എം. ഷാജി, എ. എൻ. ഷംസീർ, സണ്ണി ജോസഫ്, കെ. യു. ജനീഷ് കുമാർ എന്നിവർ അംഗങ്ങളുമായിരുന്നു. പ്രസ്തുത സമിതി 3-5-2021-ൽ നിയമസഭ പിരിച്ചുവിടുന്നതുവരെ തുടരുകയുണ്ടായി.

റിപ്പോർട്ട് കാലയളവിൽ 22-7-2020, 11-11-2020, 18-1-2021 എന്നീ തീയതികളിലായി സമിതി 3 യോഗങ്ങൾ ചേരുകയുണ്ടായി. മേൽപ്പറഞ്ഞ സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 50% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും രണ്ടാം അദ്ധ്യായത്തിൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും മൂന്നാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങളും ചേർത്തിരിക്കുന്നു. നാലാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങളും അഞ്ചാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ആറാം അദ്ധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച

റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹവും, ഏഴാം അദ്ധ്യായത്തിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. റിപ്പോർട്ട് കാലയളവിലെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2021 ജൂലൈ 5-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**എ. കെ. ശശീന്ദ്രൻ,**

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,

2021 ജൂലൈ 5.

# റിപ്പോർട്ട്

## അദ്ധ്യായം I

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. സമിതിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2020 ജൂലൈ 22-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2020 ആഗസ്റ്റ് 24-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പീരിയോഡിക്കൽ റിപ്പോർട്ട് 2020 ജൂലൈ 22-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2020 ആഗസ്റ്റ് 24-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. "കേരളത്തിലെ കായൽതീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യനിർമ്മാർജ്ജനം" എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട് 2021 ജനവരി 18-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2021 ജനവരി 20-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിഗണിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി ബില്ലുകൾ ലഭിച്ചിട്ടില്ല.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കളുടെ വിശദാംശങ്ങൾ

കൊല്ലം ജില്ലയിലെ ആശ്രാമം പ്രദേശം (ആശ്രാമം മൈതാനം ഒഴിവാക്കിക്കൊണ്ട്) ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രമായി വിജ്ഞാപനം ചെയ്തുകൊണ്ടുള്ള 399/19-ാം നമ്പർ എസ്.ആർ.ഒ. 11-11-2020-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അധിക വിവരങ്ങൾ ആരായുകയും ചെയ്തു.

ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി കരട് ചട്ടങ്ങൾ ലഭിച്ചിട്ടില്ല.

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

ഈ കാലയളവിൽ 235 (എ) പ്രകാരം യോഗങ്ങൾ ചേർന്നിട്ടില്ല.

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | ബന്ധപ്പെട്ട വകുപ്പ് | സഭയുടെ മേശപ്പുറത്ത് വച്ച തീയതി |
|---|---|---|---|
| 2019-2020 [കാലതാമസ പത്രികസഹിതം] | XXXIV—വനം | വനം-വന്യജീവി വകുപ്പ് | 13-1-2021 |
| 2019-2020 | XLII—വിനോദസഞ്ചാരം | വിനോദസഞ്ചാര വകുപ്പ് | 13-1-2021 |
| 2019-2020 [കാലതാമസ പത്രികസഹിതം] | XVII—വിദ്യാഭ്യാസം,കായിക വിനോദം, കല, സംസ്കാരം<br><br>XX—ശുദ്ധജല വിതരണവും ശുചീകരണവും | പരിസ്ഥിതി വകുപ്പ് | 22-1-2021 |

## അദ്ധ്യായം VI

**എ) ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ സംഗ്രഹം**

2020-21 സാമ്പത്തികവർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ആകെ 47 ശിപാർശകളിൽ, പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 27, 28 എന്നീ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടുണ്ട്. വനം വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 1 മുതൽ 26 വരെയുള്ള ശിപാർശകളിന്മേലും വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 29 മുതൽ 47 വരെയുള്ള ശിപാർശകളിൻമേലും നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമായിട്ടില്ല.

ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

സമിതിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടാത്ത വനം-വന്യജിവി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 1 മുതൽ 7 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 17 മുതൽ 30 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും 11-11-2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

ശിപാർശ

2406-01-800-56—മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മനുഷ്യ-മൃഗ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും വന്യമൃഗങ്ങൾ മുഖേനയുള്ള കൃഷിനാശവും, മനുഷ്യർക്കും കന്നുകാലികൾക്കും നേരിടേണ്ടി വരുന്ന ആക്രമണവും തടയുന്നതിനായി 2019-2020 കാലയളവിൽ വന്യജീവി സങ്കേതങ്ങൾ മെച്ചപ്പെടുത്തുക, നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുക, ദ്രുത കർമ്മ സേനകൾ ശക്തിപ്പെടുത്തുക, പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക, മൃഗങ്ങളുടെ ആക്രമണ സാധ്യത മുൻകൂട്ടി കണ്ട് പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുക, പൊതുജന സഹായത്തോടുകൂടിയുള്ള ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുക തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. 33 ശതമാനം വനിതകൾ ഗുണഭോക്താക്കളാകുന്ന ഈ പദ്ധതിക്കായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനഃപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച് തീർന്നിട്ടില്ലാത്തതിനാൽ ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2406-01-101-81—വന സംരക്ഷണം

സംസ്ഥാനത്തെ വനമേഖലയുടെ മെച്ചപ്പെട്ട രീതിയിലുള്ള പരിപാലനത്തിന് വനമേഖലയുടെ ഏകീകരണം, വനാതിർത്തികളുടെ സ്ഥായിയായ വേർതിരിക്കൽ, വനസംരക്ഷണം എന്നിവ അനിവാര്യമാണ്. വനാതിർത്തികളുടെ സർവ്വേ, അതിർത്തി വേർതിരിക്കൽ, സർവ്വേ നടത്തുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങൽ, ജണ്ടകളുടെയും ബണ്ടുകളുടെയും അറ്റകുറ്റപ്പണികൾ, ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, വനാതിർത്തികളിൽ ബെൽറ്റ് പ്ലാന്റിംഗ് നടപ്പിലാക്കൽ തുടങ്ങി നിരവധി പ്രവൃത്തികളാണ് റവന്യൂ വിഹിതത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ 'കാട്ടുതീ' പ്രതിരോധ പ്രവർത്തനങ്ങൾ, കഞ്ചാവ് കൃഷി തടയൽ, ചെക്ക് ഡാമുകളുടെയും കുളങ്ങളുടേയും നിർമ്മാണം, ജലാശയങ്ങളുടെ സംരക്ഷണം, ജൈവരീതികൾ ഉപയോഗിച്ചുള്ള നദീതടങ്ങളുടെ സംരക്ഷണം തുടങ്ങിയ നിരവധി പ്രവൃത്തികൾ ലക്ഷ്യമിടുന്നതും, 30 ശതമാനം വനിതകൾ ഗുണഭോക്താക്കളായിട്ടുള്ളതുമായ ഈ പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച് തീർന്നിട്ടില്ലാത്തതിനാൽ ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2406-02-110-48—പുത്തൂർ സുവോളജിക്കൽ പാർക്ക്, വന്യജീവി സംരക്ഷണ ഗവേഷണകേന്ദ്രം

തൃശ്ശൂർ മൃഗശാലയിലെ പക്ഷികളെയും മൃഗങ്ങളെയും ആവശ്യമായ സ്ഥല സൗകര്യമുള്ള മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി പുനരധിവസിപ്പിക്കുന്നതിനായി തൃശ്ശൂർ ഡിവിഷന്റെ കീഴിലുള്ള പട്ടിക്കാട് റെയിഞ്ചിൽ പുത്തൂർ വനഭൂമിയിൽ 136 ഹെക്ടർ പ്രദേശത്ത് സ്ഥാപിക്കുന്ന ഈ സുവോളജിക്കൽ പാർക്കിൽ, 40-ൽപ്പരം ഇനത്തിലുള്ള പക്ഷികളെയും മൃഗങ്ങളെയും പ്രകൃതിദത്തമായ തുറന്ന അന്തരീക്ഷത്തിൽ വളർത്തുന്നതിനും പ്രദർശിപ്പിക്കുന്നതിനുമായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 360 കോടി രൂപ എസ്റ്റിമേറ്റ് തുക പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി 10.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച് തീർന്നിട്ടില്ലാത്തതിനാൽ ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

4406-01-070-99—റോഡുകൾ

വനത്തിനുള്ളിലെ റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ഓവുചാലിന്റെ നിർമ്മാണം, സംരക്ഷണ ഭിത്തികളുടെ നിർമ്മാണം എന്നിവയ്ക്കും തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ നിന്നും വെള്ളപ്പൊക്കംമൂലം നാശം സംഭവിച്ച റോഡുകളുടെ പുനർ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും അടിയന്തിരമായി നടത്തേണ്ടതുള്ളതിനാൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച് തീർന്നിട്ടില്ലാത്തതിനാൽ ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

4406-01-070-97—കെട്ടിടങ്ങൾ

ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾക്കും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച് തീർന്നിട്ടില്ലാത്തതിനാൽ ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

## ശിപാർശ

കേരള വനം വകുപ്പിന്റെ പരിശീലന-വികസന ആവശ്യങ്ങൾക്ക് സഹായം നൽകുന്നതിനായി കേരള കാർഷിക സർവ്വകലാശാലയ്ക്കുള്ള ധനസഹായം 20 ലക്ഷം രൂപ XXIX-ാം നമ്പർ ധനാഭ്യർത്ഥന പ്രകാരം 2415-01-277-86 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക വനം വകുപ്പിന്റെ XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിൽ പുതിയ ശീർഷകം അനുവദിച്ച് ഉൾക്കൊള്ളിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

## സർക്കാർ സ്വീകരിച്ച നടപടി

കേരള വനം വകുപ്പിന്റെ പരിശീലന-വികസന ആവശ്യങ്ങൾക്ക് സഹായം നൽകുന്നതിനായി കേരള കാർഷിക സർവ്വകലാശാലയ്ക്കുള്ള XXIX-ാം നമ്പർ ധനാഭ്യർത്ഥന പ്രകാരം 2415-01-277-86 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 20 ലക്ഷം രൂപ ധനസഹായം വനം വകുപ്പിന്റെ XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിൽ വനം വകുപ്പിന്റെ "2406" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ഉൾപ്പെടുത്തുവാനുള്ള അനുവാദം നൽകിയിട്ടില്ല. പകരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡെവലപ്മെന്റ്)-നെ ടി ഹെഡിന്റെ കൺട്രോളിംഗ് ഓഫീസറാക്കി നിയമിച്ചിട്ടുണ്ട്.

## ശിപാർശ (നോൺ പ്ലാൻ)

2406-01-800-92—വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം

വന്യജീവികൾ ജനവാസ മേഖലകളിൽ കടന്ന് മനുഷ്യ ജീവനും വിളകൾക്കും നാശനഷ്ടം വരുത്തുന്ന പ്രവണത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് വർദ്ധിച്ച നിരക്കിലുള്ള നഷ്ടപരിഹാരം നൽകുന്നതിനും വിളകൾക്ക് നാശനഷ്ടം സംഭവിക്കുമ്പോൾ ധനസഹായം നൽകുന്നതിനുമായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7.6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

## സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച് തീർന്നിട്ടില്ലാത്തതിനാൽ ശിപാർശ ചെയ്ത അധിക തുക വകയിരുത്തിയിട്ടില്ല.

ശിപാർശ-(പ്ലാൻ)

5452-01-101-99—അടിസ്ഥാന സൗകര്യങ്ങളുടേയും മറ്റു സൗകര്യങ്ങളുടേയും വികസനവും നിലവാരം ഉയർത്തലും

കേരളത്തിൽ ഉണ്ടായ മഹാപ്രളയവും അനുബന്ധ പ്രശ്നങ്ങളുംമൂലം ടൂറിസം രംഗത്ത് ഉണ്ടായ മാന്ദ്യം ഇല്ലാതാക്കുന്നതിനുള്ള ക്യാമ്പയിനുകൾ സംഘടിപ്പിക്കൽ, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം പ്രവർത്തനസജ്ജമായ സാഹചര്യത്തിൽ മലബാർ മേഖലയുടെ സമഗ്ര ടൂറിസം വികസനത്തിനായുള്ള പ്രത്യേക ക്യാമ്പയിനുകൾ സംഘടിപ്പിക്കൽ, അന്താരാഷ്ട്ര പ്രശസ്തിയുള്ള വ്യക്തിയെ കേരള ടൂറിസത്തിന്റെ ബ്രാൻഡ് അംബാസിഡർ ആക്കിയുള്ള പ്രചാരണപരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങി നൂതന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്യുന്ന ഈ പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 18 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സർക്കാർ സ്വീകരിച്ച നടപടി

ഇതിൻ പ്രകാരം 18 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിട്ടില്ല.

ശിപാർശ

5452-01-101-86—അതിഥി മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടേയും മറ്റ് സൗകര്യങ്ങളുടേയും വികസനവും നിലവാരം ഉയർത്തലും

പൗരാണിക മൂല്യമുള്ള എല്ലാ സർക്കാർ അതിഥി മന്ദിരങ്ങളുടെയും യാത്രീ നിവാസുകളുടെയും കേരള ഹൗസുകളുടെയും അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനും സുൽത്താൻബത്തേരി, കോഴിക്കോട്, മൂന്നാർ എന്നിവിടങ്ങളിലെ ഗസ്റ്റ് ഹൗസുകളുടെ അഡീഷണൽ ബ്ലോക്കുകളുടെ പണി പൂർത്തിയാക്കുന്നതിനും, കണ്ണൂർ സർക്കാർ അതിഥി മന്ദിരത്തിന്റെ അടിയന്തര നവീകരണത്തിനും ഗുരുവായൂരിൽ പുതിയ ഗസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിനും കന്യാകുമാരിയിൽ യാത്രീനിവാസ് നിർമ്മിക്കുന്നതിനും ശബരിമലയിൽ പുണ്യദർശനം കോംപ്ലക്സ് നിർമ്മിക്കുന്നതിനും സർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞുവെങ്കിലും പണി പൂർത്തിയാക്കുന്നതിനായി നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 48 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

ഇതിൻ പ്രകാരം 48 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിട്ടില്ല.

ശിപാർശ

വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള അതിഥി മന്ദിരങ്ങളുടെയും യാത്രീനിവാസുകളുടെയും കേരളാഹൗസുകളുടെയും അറ്റകുറ്റപ്പണികൾ, പ്രധാന പട്ടണങ്ങളിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന അതിഥി മന്ദിരങ്ങളുടെയും യാത്രീനിവാസുകളുടെയും നിർമ്മാണം തുടങ്ങിയവ മരാമത്ത് വകുപ്പ് പൂർത്തിയാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. നിലവിൽ ടൂറിസം വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും ഏറ്റെടുത്തു നടത്തുന്ന പൊതുമരാമത്ത് വകുപ്പിനെ ഒഴിവാക്കി പ്രസ്തുത മരാമത്ത് പണികൾ സ്വതന്ത്ര എംപാനൽഡ് ഏജൻസികളെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

ടൂറിസം വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തിനകത്ത് 24 ഗസ്റ്റ് ഹൗസുകളും 4 യാത്രീനിവാസുകളും സംസ്ഥാനത്തിന് പുറത്ത് 2 കേരളാ ഹൗസുകളും പ്രവർത്തിച്ചു വരുന്നു, ഇവയിൽ പലതും പുരാതന കെട്ടിടങ്ങളാണ്. ടൂറിസം വകുപ്പിന്റെ ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും കേരളാ ഹൗസുകളും അറ്റകുറ്റപ്പണിയും പുനരുദ്ധാരണവും സംരക്ഷണ പദ്ധതികളും പൊതുമരാമത്ത് വകുപ്പ് മാത്രമാണ് മുൻകാലങ്ങളിൽ നടത്തിയിരുന്നത്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വന്നതിനാൽ കാലാകാലങ്ങളിൽ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്ന അക്രെഡിറ്റഡ് ഏജൻസികളുടെ സേവനം കൂടി ഉൾപ്പെടുത്തി മേൽപ്പറഞ്ഞ പ്രവൃത്തികൾ വകുപ്പ് നടപ്പാക്കി വരുന്നു. ഈ രീതിയിൽ നടപ്പാക്കിയ/നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. കണ്ണൂർ ഗവ. ഗസ്റ്റ് ഹൗസിൽ അഡീഷണൽ ബ്ലോക്ക് നിർമ്മാണം - കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ

2. കോഴിക്കോട് ഗവ. ഗസ്റ്റ് ഹൗസിൽ അഡീഷണൽ ബ്ലോക്ക് നിർമ്മാണം - ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ - ഓപ്പറേറ്റീവ് സൊസൈറ്റി

3. സുൽത്താൻബത്തേരി ഗവ. ഗസ്റ്റ് ഹൗസിൽ അഡീഷണൽ ബ്ലോക്ക് നിർമ്മാണം - കിറ്റ്കോ

4. മൂന്നാർ ഗവ. ഗസ്റ്റ് ഹൗസിൽ അഡീഷണൽ ബ്ലോക്ക് നിർമ്മാണം - ഹാബിറ്റേറ്റ് ടെക്നോളജി ഗ്രൂപ്പ്

5. ആലുവ ഗസ്റ്റ് ഹൗസിൽ ഹെറിറ്റേജ് ബ്ലോക്ക് പുനരുദ്ധാരണം - ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

6. ഗുരുവായൂരിൽ പുതിയ ഗസ്റ്റ് ഹൗസ് നിർമ്മാണം - ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

7. പത്തനംതിട്ട ഗവ. ഗസ്റ്റ് ഹൗസിൽ റെനവേഷൻ - ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

8. പീരുമേട് ഗവ. ഗസ്റ്റ് ഹൗസിൽ റെനവേഷൻ & അപ്ഗ്രേഡേഷൻ - കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

9. വർക്കല ഗവ. ഗസ്റ്റ് ഹൗസിൽ പുതിയ കോട്ടേജിന്റെ നിർമ്മാണവും നിലവിലുള്ളവയുടെ നവീകരണവും - HLL Infra Tech Services Ltd.

10. എക്സ്റ്റൻഷൻ ഓഫ് ഗവ. ഗസ്റ്റ് ഹൗസ് തൈക്കാട്, തിരുവനന്തപുരം - HLL Infra Tech Services Ltd.

11. കന്യാകുമാരിയിൽ യാത്രീനിവാസ് നിർമ്മാണം - കെ.ടി.ഡി.സി.

<u>ശിപാർശ</u>

3452-80-104-98—<u>ടൂറിസം - വിപണനവും പ്രോത്സാഹനവും</u>

വിവര വിനിമയ സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ദേശീയ/അന്തർദ്ദേശീയ വിപണികളിൽ വിനോദസഞ്ചാരം പ്രോത്സാഹന ക്യാമ്പയിനുകൾ, ബ്രാൻഡിംഗ് പങ്കാളിത്ത പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കൽ, കേരള ടൂറിസം പ്രചരണം ശക്തിപ്പെടുത്തുന്നതിനുള്ള നൂതന മാർഗ്ഗങ്ങൾ സംഘടിപ്പിക്കൽ, കേരള ടൂറിസം വെബ്സൈറ്റ്, മറ്റ് മൈക്രോ സൈറ്റുകൾ എന്നിവയുടെ നവീകരണം തുടങ്ങി ഒട്ടനവധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 37.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇതിൻ പ്രകാരം 37.5 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിട്ടില്ല.

ശിപാർശ

3452-80-800-34—ഉത്തരവാദിത്വത്തോടെയുള്ള വിനോദസഞ്ചാരം

സംസ്ഥാനത്തുടനീളം ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി 2017-ൽ രൂപീകൃതമായ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും വിവിധ പ്രവർത്തനങ്ങളിലൂടെ 3000 ഗുണഭോക്താക്കൾക്ക് പരിശീലനവും 2000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വകുപ്പ് ലക്ഷ്യമിടുന്നതായി സമിതി മനസ്സിലാക്കുന്നു. മിഷന്റെ പ്രവർത്തനങ്ങൾ ലോകശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നതിനും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുകയും ചെയ്യുന്ന വിപുലമായ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി നടപ്പുവർഷത്തേയ്ക്ക് അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 2.55 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സർക്കാർ സ്വീകരിച്ച നടപടി

ഇതിൻ പ്രകാരം 2.55 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിട്ടില്ല.

ശിപാർശ

3452-80-800-90(26)-33—സ്വകാര്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് ധനസഹായം-സബ്സിഡികൾ

സ്വകാര്യ മേഖലയിലെ പൈതൃക കെട്ടിടങ്ങൾക്ക് (ഗൃഹസ്ഥലി) നൽകിക്കൊണ്ടിരുന്ന പ്രോത്സാഹനം തുടർന്നു കൊണ്ടുപോകുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന ഈ പദ്ധതിയിലൂടെ പൊതുവായ മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ, ബോട്ട് ജെട്ടികൾ, ഡ്രൈഡോക്ക് സൗകര്യങ്ങൾ, സാഹസിക പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള പൊതുപശ്ചാത്തല സൗകര്യങ്ങൾക്ക് വയബിലിറ്റി ധനസഹായം നൽകുക, മുടക്കം വന്നിട്ടുള്ള മൂലധന നിക്ഷേപ കുടിശ്ശിക തീർപ്പാക്കുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു. നാളിതുവരെയുള്ള മൂലധനനിക്ഷേപ സബ്സിഡി, ഇലക്ട്രിസിറ്റി താരിഫ് സബ്സിഡി എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 36.35 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

ഇതിൻ പ്രകാരം 36.35 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിട്ടില്ല.

ശിപാർശ-(നോൺ പ്ലാൻ)

3452-01-103-99-04-1—ഗതാഗതം - യാത്രാച്ചെലവുകൾ - യാത്രാബത്ത

ടൂറിസ്റ്റ് ഗ്യാരേജിന് കീഴിലുള്ള ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 1.3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സർക്കാർ സ്വീകരിച്ച നടപടി

ഇതിൻ പ്രകാരം 1.3 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിട്ടില്ല.

ശിപാർശ

ടൂറിസം വകുപ്പിന് കീഴിലുള്ള 141 വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനും അറ്റകുറ്റപ്പണികൾക്കും ഇന്ധനം വാങ്ങുന്നതിനുമായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, ചുവടെ ചേർക്കും പ്രകാരം ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി തുക അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) 3452-01-103-99-05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം - 3.30 ലക്ഷം രൂപ

അധികമായി വകയിരുത്തേണ്ട തുക - 1.20 ലക്ഷം രൂപ

(ii) 3452-01-103-99-21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം - 1.6569 കോടി രൂപ

അധികമായി വകയിരുത്തേണ്ട തുക - 4.31 ലക്ഷം രൂപ

(iii) 3452-01-103-99-45—<u>പി.ഒ.എൽ.</u>

ബഡ്ജറ്റ് വിഹിതം - 1.6811 കോടി രൂപ

<u>അധികമായി വകയിരുത്തേണ്ട തുക - 31.89 ലക്ഷം രൂപ</u>

(ഖണ്ഡിക 24)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധികമായി തുക ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

3452-80-001-99-34—<u>ഭരണം - മറ്റ് ചെലവുകൾ</u>

ബഹു. മന്ത്രിമാർക്കും, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, മറ്റ് വി.ഐ.പി.-കൾ എന്നിവരുടെ സന്ദർശനം, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയ ആഘോഷങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ മറ്റ് ചെലവുകൾ എന്നിവയ്ക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 1.0334 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇതിൻ പ്രകാരം 1.0334 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

3452-80-001-96-04-1—<u>ജില്ലാ ആഫീസുകൾ-യാത്രാച്ചെലവുകൾ - യാത്രാബത്ത</u>

ടൂറിസം വകുപ്പിന് കീഴിലുള്ള കേരളത്തിലെ 14 ജില്ലാ ആഫീസുകളിലെ ഉദ്യോഗസ്ഥരുടെ യാത്രാബത്ത അനുവദിക്കുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 11.1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സർക്കാർ സ്വീകരിച്ച നടപടി

ഇതിൻ പ്രകാരം 11.1 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിട്ടില്ല.

ശിപാർശ

3452-80-001-96-02-05—ജില്ലാ ആഫീസുകൾ - വേതനം - ദിവസവേതനം

ജില്ലാ ആഫീസുകളിൽ താൽക്കാലിക/ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് വേതനം നൽകുന്നതിനായി നടപ്പുവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

ഇതിൻ പ്രകാരം 10 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിട്ടില്ല.

ശിപാർശ

3452-80-800-22—വി.വി.ഐ.പി. സന്ദർശനവുമായി ബന്ധപ്പെട്ട ചെലവ്

ബഹു. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, മറ്റ് വി.വി.ഐ.പി.-കൾ തുടങ്ങിയവരുടെ സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 1.6142 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സർക്കാർ സ്വീകരിച്ച നടപടി

ഇതിൻ പ്രകാരം 1.6142 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിട്ടില്ല.

ശിപാർശ

3452-80-001-95-34(3)—മറ്റ് ചെലവുകൾ - മറ്റിനം

ടൂറിസം വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ഗസ്റ്റ് ഹൗസിലെ ഭക്ഷണം തയ്യാറാക്കുന്നതിനുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 26.93 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സർക്കാർ സ്വീകരിച്ച നടപടി

ഇതിൻ പ്രകാരം 26.93 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിട്ടില്ല.

ശിപാർശ

3452-80-800-35-31—ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കളമശ്ശേരി-വ്യാപനകേന്ദ്രങ്ങൾ-സഹായധനം - ശമ്പളം

ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെയും അനുബന്ധ വ്യാപന കേന്ദ്രങ്ങളിലെയും ജീവനക്കാരുടെ ശമ്പളം, കെട്ടിടവാടക, ട്രെയിനിംഗ് ചെലവ്, ഗ്രാറ്റുവിറ്റി പെൻഷൻ ആനുകൂല്യങ്ങൾ തുടങ്ങിയ അത്യന്താപേക്ഷിതമായ ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 4.4006 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സർക്കാർ സ്വീകരിച്ച നടപടി

ഇതിൻ പ്രകാരം 4.4006 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിട്ടില്ല.

## അദ്ധ്യായം VII

### സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

1) സമിതിയുടെ " വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ശാക്തീകരണം" എന്ന വിഷയത്തിന്മേലുള്ള പ്രത്യേക റിപ്പോർട്ടിൽ ആകെ 25 ശിപാർശകളാണുള്ളത്. പ്രസ്തുത ശിപാർശകൾ വനം-വന്യജീവി വകുപ്പുമായും, വിനോദസഞ്ചാര വകുപ്പുമായും ബന്ധപ്പെട്ടതാണ്. ഇതിൽ വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക നമ്പർ 24, 26 എന്നിവയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന ഖണ്ഡികകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ വനം-വന്യജിവി വകുപ്പ് ലഭ്യമാക്കിയിട്ടില്ല.

2) സമിതിയുടെ "വന്യജീവി ആവാസകേന്ദ്രങ്ങളുടെ സമഗ്രവികസനം" എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിൽ വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട 15 ശിപാർശകളാണുള്ളത്. പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 28-ലെ ശിപാർശയ്ക്ക്

പരിസ്ഥിതി വകുപ്പും, ഖണ്ഡിക നമ്പർ 27-ലെ ശിപാർശയ്ക്ക് വനം-വന്യജീവി വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് 18-1-2021-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ശേഷിക്കുന്ന ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടില്ല.

ശിപാർശ

ശാസ്ത്രീയമായ വന്യജീവി പരിപാലനത്തിന് വന്യജീവികളുടെ കണക്കെടുപ്പ് കൃത്യതയോടുകൂടി സമയബന്ധിതമായി നടപ്പിലാക്കുന്നത് അത്യന്താപേക്ഷിതമാണ്. കേന്ദ്ര സർക്കാരുമായി ചേർന്ന് ഇതു സംബന്ധിച്ച് വിശദമായ രൂപരേഖ തയ്യാറാക്കി കൃത്യതയോടെ വന്യജീവി കണക്കെടുപ്പുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി ആരംഭിക്കണമെന്നും ആയതിലേക്കായി വനമേഖല മുഴുവൻ നിരീക്ഷിക്കുന്നതിനായി എല്ലാ വനമേഖലകളിലും വനം സ്റ്റേഷനുകൾ സ്ഥാപിക്കുകയും പ്രസ്തുത സ്റ്റേഷന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

4-6-2018-ലെ ജി. ഒ.(എം.എസ്.).നമ്പർ 23/2018/വനം പ്രകാരം, സംസ്ഥാനത്ത് 10 ഫോറസ്റ്റ് സ്റ്റേഷനുകളും, അവയുടെ നടത്തിപ്പിനാവശ്യമായ തസ്തികകളും സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. കൂടുതൽ പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്നതിന് അധിക തസ്തികകൾ സൃഷ്ടിക്കേണ്ടി വരും. എന്നാൽ സംസ്ഥാനം നേരിട്ട രണ്ട് പ്രളയങ്ങൾ, ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന കോവിഡ് - 19 മഹാമാരി എന്നിവമൂലം സംസ്ഥാന സർക്കാർ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതിനായി തത്കാലം മാറ്റിവെച്ചിട്ടുള്ളതാണ്.

ശിപാർശ

വന്യജീവി സങ്കേതങ്ങളിൽ പുനർവിന്യസിച്ചിരിക്കുന്ന ജീവനക്കാർക്ക് വന്യജീവി പരിപാലനത്തിൽ ശാസ്ത്രീയമായ പരിശീലനം നൽകേണ്ടതും സംരക്ഷിത മേഖലകളിലെ ജൈവവൈവിദ്ധ്യ സംരക്ഷണം സംബന്ധിച്ച ഗവേഷണം ഏകോപിക്കേണ്ടതും അനിവാര്യമാണ്. ഇത്തരത്തിലുള്ള ഗവേഷണഫലങ്ങൾ മാനേജ്മെന്റ് പ്ലാനിൽ ഉൾക്കൊള്ളിച്ച് ഓരോ പ്രധാന ജീവജാലങ്ങൾക്കും ആവശ്യമായ സംരക്ഷണപദ്ധതി വിഭാവനം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

## സ്വീകരിച്ച നടപടി

ഗവേഷണ ആവശ്യങ്ങൾക്കായി വനം വകുപ്പിന്റെ സംരക്ഷിത മേഖലയിലെ സസ്യജന്തുജാലങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള സാങ്കേതിക സമിതി G.O.(Rt.) No.188/08/F&WLD dated4-4-2008 സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് ചെയർമാൻ പ്രസ്തുത കമ്മിറ്റിയിൽ ഒരു അംഗമാണ്. രാജ്യത്തിന്റെ വിലപ്പെട്ട ജൈവസമ്പത്ത് സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ നിയമാനുസൃതമായി പഞ്ചായത്ത് തലത്തിൽ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രാദേശിക ജനങ്ങളുമായി കൂടിയാലോചിച്ച് പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്ററുകൾ (പി.ബി.ആർ.) തയ്യാറാക്കുക എന്നതാണ് ബി.എം.സി.യുടെ പ്രധാന പ്രവർത്തനം. ജൈവവിഭവങ്ങളുടെ ലഭ്യത, അറിവ്, അവയുടെ ഔഷധ ഗുണങ്ങൾ, ഉപയോഗം, അവയുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവ് എന്നിവയെക്കുറിച്ചുള്ള സമഗ്രമായ വിവരങ്ങൾ രജിസ്റ്ററിൽ അടങ്ങിയിരിക്കുന്നു. ജൈവ വിഭവങ്ങളുടെ പരിപാലനത്തിനും, സംരക്ഷണത്തിനും പി.ബി.ആർ. വളരെ ഉപകാരപ്രദമാണ്. കൂടാതെ, വനമേഖലയിലെ സസ്യജന്തുജാലങ്ങളെക്കുറിച്ചുള്ള വിവരങ്ങളും അനുബന്ധ അറിവും, പരമ്പരാഗത അറിവുകളും, ഗോത്ര സമുദായങ്ങളുമായി ബന്ധപ്പെട്ട അറിവും ഉൾപ്പെടുത്തേണ്ടതുണ്ട്. വനമേഖലയിലെ സസ്യജന്തു ജാലങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പീപ്പിൾസ് ബയോഡൈവേഴ്സിറ്റി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനായി ഒരു പദ്ധതി കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് വനം വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര വനം വകുപ്പിന്റെ National Working Plan Code-2014-ലെ പ്രധാന ലക്ഷ്യങ്ങളിൽ (Para 7) ഒന്നാണ് വനം വകുപ്പിന്റെ സംരക്ഷിത മേഖലയിലെ സസ്യജന്തുജാലങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിന്റെ പിന്തുണയോടെ നടത്തുകയെന്നത്. കൂടാതെ ശേഖരിച്ച വിവരങ്ങൾ പി.ബി.ആർ-ൽ ഉൾപ്പെടുത്താനും മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നുണ്ട്. ഇത്തരത്തിൽ വന്യജീവജാലങ്ങളുടെ സംരക്ഷണത്തിനായി ബി.എം.സി. മുഖേന വനം വകുപ്പുമായി സംയോജിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

3) സമിതിയുടെ "കേരളത്തിലെ കായൽതീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യനിർമ്മാർജ്ജനം" എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിൽ ആകെ 23 ശിപാർശകളാണുള്ളത്. ഇതിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടത് വിനോദസഞ്ചാരം, പരിസ്ഥിതി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളും മലിനീകരണ നിയന്ത്രണ ബോർഡുമാണ്. പ്രസ്തുത ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയിട്ടില്ല.

എ. കെ. ശശീന്ദ്രൻ,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2021 ജൂലൈ 5.

## അനുബന്ധം

# 22-7-2020-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2020 ജൂലൈ 22-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 110-ാം നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഹാജരായിരുന്നു. ചുവടെ ചേർക്കുന്ന അംഗങ്ങൾ ഗൂഗിൾ മീറ്റ് സംവിധാനം വഴി ഓൺലൈനായി പങ്കെടുക്കുകയും ചെയ്തു.

ഓൺലൈൻ ആയി പങ്കെടുത്ത അംഗങ്ങൾ :

1. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.
2. ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.
3. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.
4. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി,
2. ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി,
3. ശ്രീമതി ലാലി വി.എസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥ (ഓൺലൈൻ ആയി പങ്കെടുത്തു):

ശ്രീമതി പ്രീത കെ. എസ്, അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.

സമിതിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 8 മുതൽ 16 വരെയുള്ള ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റ്, പ്രസ്തുത റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, സമിതിയുടെ 2020 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും ചുവടെ ചേർക്കും പ്രകാരം തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. സമിതിയുടെ (2019-2020) സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 8 മുതൽ 16 വരെയുള്ള ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 3358/സബ്.സി.എഫ്1/2019/നി.സെ.)

ഖണ്ഡിക നമ്പർ 8 മുതൽ 16 വരെയുള്ള ശിപാർശകളിന്മേൽ (പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട) ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും, ആയത് ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

II. സമിതിയുടെ (2019-2020) നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്

(ഫയൽ നമ്പർ 3358/സബ്.സി.എഫ്1/2019/നി.സെ.)

സമിതിയുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

III. സമിതിയുടെ 2020 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്

(ഫയൽ നമ്പർ 2647/സബ്.സി.എഫ്1/2020/നി.സെ.)

സമിതിയുടെ 2020 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

തുടർന്ന്, സമിതി അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങളിന്മേൽ ബഹു. സമിതി അദ്ധ്യക്ഷൻ മറുപടി നൽകുകയുണ്ടായി.

കോവിഡ് 19-ന്റെ വ്യാപനംമൂലം ടൂറിസം മേഖലയാകെ നിശ്ചലമായ സാഹചര്യത്തിൽ, പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട് പണിയെടുത്തിരുന്ന തൊഴിലാളികളുടെ അവസ്ഥ പരിതാപകരമാണെന്നും, ടൂറിസം മേഖല തുറന്ന് പ്രവർത്തനം ആരംഭിക്കുന്നതിൽ അനുഭാവപൂർവ്വമായ നടപടി ആവശ്യമാണെന്നുമുള്ള സമിതി അംഗത്തിന്റെ അഭിപ്രായത്തിന്, കേന്ദ്ര മാനദണ്ഡമനുസരിച്ചാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നതെന്നും പുതുക്കിയ മാർഗ്ഗനിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ചില നിബന്ധനകളുടെ അടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങുന്ന കാര്യം ആലോചിക്കാവുന്നതാണെന്നും ബഹു. വനം വകുപ്പ് മന്ത്രിയായ സമിതി ചെയർമാൻ മറുപടി നൽകി.

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി മണ്ഡലത്തിൽ വന്യജീവി ആക്രമണം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ ബഹു. വനം വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്ന തൃശ്ശൂർ ജില്ലയ്ക്കായുള്ള റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) അനുവദിക്കുന്നതിനും, പ്രസ്തുത ടീം അനുവദിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ജീവനക്കാർ, ഉപകരണങ്ങൾ എന്നിവ അടിയന്തരമായി സജ്ജമാക്കുന്നത് സംബന്ധിച്ചുമുള്ള നടപടിയുടെ വിശദാംശം ആരാഞ്ഞതിന്, സംസ്ഥാനത്ത് പുതുതായി അനുവദിക്കുന്ന 6 ആർ.ആർ.ടി.കളിൽ പ്രഥമ പരിഗണന തൃശ്ശൂർ ജില്ലയ്ക്ക് നൽകുമെന്നും, പ്രസ്തുത വിഷയം വരുന്ന മന്ത്രിസഭാ യോഗങ്ങളിൽ പരിഗണിച്ച് തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുമെന്നും ബഹു. വനം വകുപ്പുമന്ത്രി മറുപടി നൽകി.

വാഴച്ചാൽ ഡിവിഷനിലെ നൂറിലധികം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പ്രദേശത്ത് സൗരോർജ്ജ വേലിയുടെ അഭാവം കാരണം ആന ശല്യം രൂക്ഷമായി തുടരുന്ന അവസ്ഥയാണെന്നതിനാൽ പട്ടയ ഭൂമിയിൽ കൃഷി ചെയ്യുന്നതിന് പ്രയാസങ്ങൾ നേരിടുന്നെന്നും ഇതിനെതിരെ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി അംഗം ആവശ്യപ്പെട്ടപ്പോൾ ഇക്കാര്യത്തിനായി ഏറ്റവും കൂടുതൽ ഫണ്ട് വാഴച്ചാൽ മേഖലയിലാണ് ചെലവഴിച്ചിട്ടുള്ളതെന്നും, പഞ്ചായത്ത് ഫണ്ടോ, എം.എൽ.എ. ഫണ്ടോ ഉപയോഗപ്പെടുത്തി സോളാർ ഫെൻസിംഗ് നിർമ്മിക്കുന്നത് ഉചിതമായിരിക്കുമെന്നും ബഹു. വനം വകുപ്പുമന്ത്രി മറുപടി നൽകി.

പട്ടയം ലഭിച്ച ഭൂമിയിൽ നിന്നും, കർഷകർക്ക് അവർ വച്ചുപിടിപ്പിച്ച മരങ്ങൾ മുറിച്ചു മാറ്റുന്നതിന് റവന്യൂ വകുപ്പ് അനുവാദം നൽകുന്നുണ്ടെങ്കിലും, വനം വകുപ്പ് അനുവാദം നൽകുന്നില്ലെന്ന വിഷയം സമിതി അംഗം ചൂണ്ടിക്കാട്ടിയപ്പോൾ ലാന്റ് കൺസർവേഷൻ ആക്റ്റ് അനുസരിച്ച് പട്ടയത്തിലെ വ്യവസ്ഥകൾ എന്തുതന്നെയായിരുന്നാലും, മരം മുറിക്കുന്നതിന് തടസ്സമില്ല എന്നു വ്യക്തമാക്കി ഒരു പ്രത്യേക ഉത്തരവ് റവന്യൂ വകുപ്പ് ഇറക്കുന്നതിനായി സംയുക്ത യോഗത്തിൽ തീരുമാനമായിട്ടുണ്ടെന്നും, പ്രസ്തുത വിഷയം സംബന്ധിച്ച നിർദ്ദേശം നിയമ വകുപ്പിന് നൽകിയിട്ടുണ്ടെന്നും താമസിയാതെ പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വരുമെന്നാണ് റവന്യൂ വകുപ്പുമന്ത്രി അറിയിച്ചിട്ടുള്ളതെന്നും, ആയതിനാൽ ഈ വിഷയത്തിൽ ഉടനടി പരിഹാരമുണ്ടാകുമെന്നാണ് പ്രതീക്ഷയെന്നും ബഹു. വനം വകുപ്പുമന്ത്രി മറുപടി നൽകി.

യൂക്കാലി മരങ്ങൾ വെട്ടിമാറ്റി ചോലവനങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി വനംവകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളെ സമിതി അംഗം അഭിനന്ദിക്കുകയും വനഭൂമിയിൽ നിന്നും യൂക്കാലി മരങ്ങൾ വെട്ടി മാറ്റുന്നതിനുള്ള പ്രവൃത്തി ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ബഹു. മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്ന ബയോ ഡൈവേഴ്സിറ്റി വകുപ്പിന് കീഴിൽ Detailed Project Report (ഡി.പി.ആർ.)ആയിട്ടുള്ള പ്രോജക്ടുകളെല്ലാം അംഗീകരിച്ച് നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ കുറഞ്ഞത് നൂറ് പേർക്കെങ്കിലും തൊഴിൽ ലഭിക്കുന്ന പ്രസ്തുത പദ്ധതിയുടെ നടപടികൾ വേഗത്തിലാക്കണമെന്ന് സമിതി അംഗം ബഹു. സമിതി അദ്ധ്യക്ഷനോട് അഭ്യർത്ഥിക്കുകയും കെ.ഡി.എച്ച്., മൂന്നാർ മേഖലയിൽ സ്പൈസസ് ഗാർഡനുവേണ്ടി 200 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും ഇതിനായി യോഗങ്ങൾ ചേരുകയും, ഫോറസ്റ്റ് ഡി.എഫ്.ഒ.-യ്ക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ബഹു വനം വകുപ്പ് മന്ത്രി അറിയിച്ചു.

നിയമസഭാ സാമാജികർ അറിയാതെ പുതിയ നോട്ടിഫിക്കേഷനുകൾ ഇറക്കരുതെന്ന് ഈ ഗവൺമെന്റ് നിലപാടെടുത്തിരുന്നുവെങ്കിലും അത് പാലിക്കപ്പെടുന്നില്ലെന്നും, മൂന്നാറിലെ വൈൽഡ് ലൈഫ് വാർഡൻ, ദേവികുളം ഡി.എഫ്.ഒ. തുടങ്ങിയവർ ഓരോ ഡിക്ലറേഷനുകൾ ഇറക്കിയിട്ടുണ്ടെന്നും സമിതി അംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പ്രസ്തുത നോട്ടിഫിക്കേഷനുകളിൽ ആൾ താമസമുള്ള പ്രദേശങ്ങളെ ഉൾപ്പെടുത്തിയിട്ടില്ലെന്നും, പ്രസ്തുത നോട്ടിഫിക്കേഷന്റെ പകർപ്പ് സാമാജികർക്ക് ലഭ്യമാക്കാൻ ആവശ്യപ്പെടാമെന്നും വകുപ്പുമന്ത്രി അറിയിച്ചു.

ടൂറിസ്റ്റ് പ്രദേശമായ മീശപ്പുലിമലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എം.എൽ.എ. ഫണ്ട് നൽകിയിട്ടും, പ്രോജക്ടുകളുടെ മറ്റ് നടപടിക്രമങ്ങൾ യാതൊന്നും നടക്കുന്നില്ലെന്നും വനം മന്ത്രി ഈ വിഷയത്തിൽ ഇടപെടണമെന്നും കൂടാതെ അടിമാലി പഞ്ചായത്തിലെ ആനവരട്ടി വില്ലേജിലുൾപ്പെട്ട ഒന്നാം വാർഡിലെ കടകല്ല് എന്ന പ്രദേശത്ത് 1965-ൽ റവന്യൂ ഇൻസ്പെക്ടർ പരിശോധന നടത്തി പട്ടയം നൽകുവാൻ ശിപാർശ ചെയ്ത 15 ഏക്കറോളം സ്ഥലത്തെ ഏലച്ചെടികൾ ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസറുടെ നേതൃത്വത്തിൽ വെട്ടി നശിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും, സി.സി.എഫ്.-ന്റെ അറിവോടെയാണ് പ്രസ്തുത പ്രവൃത്തി നടക്കുന്നതെന്നാണ് അറിയുവാൻ കഴിഞ്ഞതെന്നും, കോടതിയിൽ കേസ് നിലനിൽക്കുന്ന ഈ പ്രദേശത്ത് നടന്നുവരുന്ന പ്രവൃത്തികൾ ആവശ്യമായ പരിശോധനകൾക്ക് ശേഷം തുടരുന്നതായിരിക്കും ഉചിതമെന്ന നിർദ്ദേശം ബഹു. വനം വകുപ്പ് മന്ത്രി ഉദ്യോഗസ്ഥർക്ക് നൽകണമെന്നും സമിതി അംഗം ആവശ്യപ്പെട്ടു.

മൂന്നാറിൽ ടൂറിസം പ്രോജക്ടുകൾക്കായി ഭൂമി ലഭ്യമായ സാഹചര്യത്തിൽ ഒരു ടൂറിസം പ്രോജക്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി അനുവദിച്ച് നൽകണമെന്ന സമിതി അംഗത്തിന്റെ ആവശ്യത്തിന്മേൽ മൂന്നാറുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തുവാൻ മാറ്റിവച്ചിട്ടുണ്ടെങ്കിൽ അടുത്ത തവണ ചേരുന്ന വർക്കിംഗ് ഗ്രൂപ്പിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് ബഹു. ടൂറിസം വകുപ്പ് മന്ത്രി അറിയിച്ചു.

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ വരുമാനമില്ലാതെ ദുരിതമനുഭവിക്കുന്ന ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന ആളുകൾക്കായി കേരള ബാങ്കുമായി ബന്ധപ്പെട്ട് ഒരു പദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുണ്ടെന്നും, സർക്കാർ സബ്സിഡി, പലിശരഹിത വായ്പ തുടങ്ങിയ ആനുകൂല്യങ്ങൾ ഇതു വഴി ലഭ്യമാക്കുമെന്നും, ഉടൻതന്നെ പ്രസ്തുത പദ്ധതി പ്രഖ്യാപിക്കുവാൻ സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മലയോര ഹൈവേയ്ക്ക് സ്ഥലം വിട്ടുകൊടുക്കുന്ന നടപടി വനം വകുപ്പ് ത്വരിതപ്പെടുത്തണമെന്ന് സമിതി അംഗം ആവശ്യപ്പെട്ടതിന്, പി.ഡബ്ല്യൂ.ഡി.(റോഡ്സ്) എക്സി. എഞ്ചിനീയർ അല്ലെങ്കിൽ മലയോര ഹൈവേയുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ ബന്ധപ്പെട്ട ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി ആലോചിച്ച് റോഡിന് ആവശ്യമുള്ള സ്ഥലം തിട്ടപ്പെടുത്തി അത്രയും സ്ഥലം വിട്ടുനൽകുന്നതിനുള്ള അപേക്ഷ ഓൺലൈൻ ആയി കേന്ദ്ര സർക്കാരിന് സമർപ്പിക്കണമെന്നും ബാംഗ്ലൂരിലെ റീജിയണൽ ഓഫീസാണ് അപേക്ഷ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതെന്നും 8 ജില്ലകളിലെ റോഡുകൾക്കാവശ്യമായ സ്ഥലം ഇതിനകം വനം വകുപ്പ് നൽകിക്കഴിഞ്ഞുവെന്നും, അപേക്ഷ പരിശോധിച്ച ശേഷം, അലൈൻമെന്റ് മാറ്റുവാനോ, വിസ്തീർണ്ണം കുറയ്ക്കുവാനോ, പകരം ഭൂമി നൽകണമെന്നോ ആവശ്യപ്പെട്ടാൽ ആ ജില്ലയിൽ തന്നെ പകരം ഭൂമി നൽകണമെന്നില്ലെന്നും, മറ്റ് ജില്ലകളിലെ ജനവാസത്തിന് ഉപയോഗിക്കാത്ത റവന്യൂ ഭൂമി പകരമായി നൽകാവുന്നതാണെന്നും, അതിനായി ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി. എക്സി. എഞ്ചിനീയർ വനം വകുപ്പുദ്യോഗസ്ഥരുമായി ബന്ധപ്പെടണമെന്ന നിർദ്ദേശം ബഹു. എം.എൽ.എ. നൽകണമെന്നും വനം വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു

യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് പിരിഞ്ഞു.

## 11-11-2020-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2020 നവംബർ 11-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ യോഗം ചേരുകയും സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജു, ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ബഹു. സമിതി അംഗം ശ്രീ. ബി. ഡി. ദേവസ്സി എന്നിവരും ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ പങ്കെടുത്തു.

ഹാജരായ അംഗം:

ശ്രീ. എസ്. രാജേന്ദ്രൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി

2. ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി ലാലി വി. എസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ആർ. എസ്. കണ്ണൻ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

2. ശ്രീ. കൃഷ്ണ തേജ, ഡയറക്ടർ (ഇൻ-ചാർജ്), ടൂറിസം വകുപ്പ്.

3. ശ്രീ. രാജീവ് കാരിയിൽ, പ്ലാനിംഗ് ഓഫീസർ, ടൂറിസം വകുപ്പ്.

ഗൂഗിൾ മീറ്റ് വഴി പങ്കെടുത്ത ഉദ്യോഗസ്ഥർ :

1. ശ്രീ. രാജേഷ് കുമാർ സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, വനം വകുപ്പ്.

2. ഡോ. ഉഷാ ടൈറ്റസ്, പ്രിൻസിപ്പൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.

3. ശ്രീമതി റാണി ജോർജ്ജ്, സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.

4. ശ്രീ. പി. കെ. കേശവൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആൻഡ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.

5. ശ്രീ. കെ. രൂപേഷ് കുമാർ, കോ-ഓർഡിനേറ്റർ, സ്റ്റേറ്റ് റെസ്പോൺസിബിൾ ടൂറിസം മിഷൻ.

6. ശ്രീ. ഡി. കെ. വർമ്മ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്ലാനിംഗ് ആൻഡ് ഡെവലപ്മെന്റ്).

7. ഡോ. ജോൺ. പി. മാത്യൂ, എൺവയോൺമെന്റൽ പ്രോഗ്രാം മാനേജർ, ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആൻഡ് ക്ലൈമാറ്റിക് ചെയ്ഞ്ച്.

8. ഡോ. ജെസ്സി ജ്യോതി, എൻവയോൺമെന്റൽ ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആൻഡ് ക്ലൈമാറ്റിക് ചെയ്ഞ്ച്.

9. ശ്രീമതി ശ്രീജാ രാജ്. എസ്., എൻവയോൺമെന്റൽ ഓഫീസർ, ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റൽ ആൻഡ് ക്ലൈമാറ്റിക് ചെയ്ഞ്ച്.

10. ശ്രീമതി മഞ്ജൂഷ യു, പ്രോജക്ട് സയന്റിസ്റ്റ്, സ്റ്റേറ്റ് വെറ്റ് ലാൻഡ് അതോറിറ്റി കേരള.

സമിതിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വനം-വന്യജീവി വകുപ്പും വിനോദസഞ്ചാര വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കൊല്ലം ജില്ലയിലെ ആശ്രാമംപ്രദേശം (ആശ്രാമം മൈതാനം ഒഴിവാക്കിക്കൊണ്ട്) ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രമായി വിജ്ഞാപനം ചെയ്തുകൊണ്ടുള്ള എസ്. ആർ. ഒ. യുടെ സാധൂകരണം, "കേരളത്തിലെ കായൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ഫലപ്രദമായ മാലിന്യനിർമ്മാർജ്ജനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ" എന്ന വിഷയത്തിന്മേൽ തയ്യാറാക്കിയ ചോദ്യാവലിയിന്മേൽ തദ്ദേശസ്വയംഭരണം, വിനോദസഞ്ചാരം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ മറുപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സമിതി പരിഗണിക്കുകയും ആയതിന്മേൽ തുടർചർച്ച നടത്തുകയും ചെയ്തു.

I. സമിതിയുടെ 2019-20 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 1 മുതൽ 7 വരെയുള്ള ശിപാർശകളിന്മേൽ വനം-വന്യജീവി വകുപ്പും 17 മുതൽ 30 വരെയുള്ള ശിപാർശകളിന്മേൽ വിനോദസഞ്ചാര വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന:

മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്ന 6 കോടി രൂപ വകയിരുത്തിയിട്ടില്ല എന്ന മറുപടി പരിഗണിച്ച സമിതി, തൃശ്ശൂർ ജില്ലയിൽ മലയോര മേഖല ഉൾപ്പെടെ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണംമൂലം കൃഷിനാശവും മനുഷ്യർക്കും കന്നുകാലികൾക്കും ജീവഹാനിയും നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്ത തുക വകയിരുത്തിയില്ല എന്നു മാത്രമല്ല ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചിട്ടുമില്ല എന്നതിന്മേൽ സമിതി വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് വിശദീകരണം ആരാഞ്ഞു.

നിലവിലെ ബഡ്ജറ്റ് വിഹിതത്തിന്റെ 98.17% മാത്രമാണ് ചെലവഴിച്ചതെന്നും, ട്രഷറി നിയന്ത്രണവും ബിൽ ജനറേറ്റ് ചെയ്യുന്നതിനുള്ള നിയന്ത്രണവും കാരണം പൂർത്തീകരിച്ച ജോലികൾക്ക് പ്രതിഫലം നൽകാൻ കഴിയാതിരുന്നതിനാൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിക്കാൻ സാധിച്ചില്ലെന്ന് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

തൃശ്ശൂർ ജില്ലയ്ക്ക് ഒരു പുതിയ ആർ.ആർ.ടി. (റാപ്പിഡ് റെസ്പോൺസ് ടീം) അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ വിശദാംശം സമിതി ആരാഞ്ഞതിന്, നിലവിൽ സർക്കാർ നിയന്ത്രണത്തിൽ 8 ആർ.ആർ.ടി.-കളാണ് പ്രവർത്തിക്കുന്നതെന്നും, എന്നാൽ വന്യമൃഗങ്ങളുടെ ആക്രമണം കൂടുതലുള്ള സ്ഥലങ്ങളിലേയ്ക്ക് മറ്റ് സ്ഥലങ്ങളിൽ നിന്ന്

നിലവിലുള്ള സ്റ്റാഫിനെ പൂൾ ചെയ്ത് താൽക്കാലികമായി ആർ.ആർ.ടി.-കൾ പ്രവർത്തിക്കുന്നുണ്ടെന്നും, കൂടാതെ നിലവിലുള്ളവയെ ശക്തിപ്പെടുത്തുവാനും, താൽക്കാലിക മായിട്ടുള്ളവയെ സ്ഥിരപ്പെടുത്തുന്നതിനും പ്രസ്തുത ആർ.ആർ.ടി.-കൾക്കാവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണെന്നും, ധനകാര്യ വകുപ്പിന്റെ നിയന്ത്രണം മൂലമാണ് ഇത് പ്രാവർത്തികമാക്കുവാൻ കഴിയാത്തതെന്നും വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

ആർ. ആർ. ടി. ഇല്ലാത്ത ജില്ലകളിൽ അവ അനുവദിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ടി വിഷയത്തിൽ തൃശ്ശൂർ ജില്ലയ്ക്ക് മുൻഗണന നൽകുമെന്നും വനം വകുപ്പ് മന്ത്രി വ്യക്തമാക്കി.

പുത്തൂർ സുവോളജിക്കൽ പാർക്ക്-വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രത്തിനായി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്ത 10.5 കോടി രൂപ നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിക്കാത്തതിനാൽ വകയിരുത്തിയിട്ടില്ലെന്ന് ബഹു. വനം വകുപ്പുമന്ത്രി ചൂണ്ടിക്കാട്ടിയപ്പോൾ പ്രസ്തുത പ്രോജക്ടിന്റെ ആദ്യഘട്ടം 2020 ഡിസംബർ അവസാനത്തോടുകൂടി പൂർത്തിയാകുമെന്നും, തൃശ്ശൂരിൽ നിന്നുള്ള മൃഗങ്ങളെ 2021 മാർച്ച് മാസത്തോടെ അവിടേക്ക് മാറ്റാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥൻ സമിതിയെ ബോധിപ്പിച്ചു. രണ്ടു മാസത്തിലൊരിക്കൽ പുത്തൂർ സുവോളജിക്കൽ പാർക്ക് സന്ദർശിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ടെന്നും ടി പാർക്ക് പൂർണ്ണതയിലെത്തിയാൽ അത് ലോകനിലവാരമുള്ള ഒരു പ്രോജക്ടായിരിക്കുമെന്നും വനം വകുപ്പുമന്ത്രി അറിയിച്ചു.

വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം എന്ന ശീർഷകത്തിൽ അധികമായി ശിപാർശ ചെയ്ത 7.6 കോടി രൂപ വകയിരുത്തിയിട്ടില്ലെന്ന മറുപടി പരിഗണിച്ച സമിതി നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും എത്ര തുക ചെലവഴിച്ചുവെന്നാരാഞ്ഞതിന് ബഡ്ജറ്റ് വിഹിതമായ 40 ലക്ഷം രൂപയിൽ 37 ലക്ഷം രൂപ ചെലവാക്കിയെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് അറിയിച്ചു. ചില പ്രദേശങ്ങളിലെ കർഷകർക്ക് വന്യമൃഗ ആക്രമണ നഷ്ടപരിഹാരത്തുക യഥാസമയം ലഭിക്കുന്നില്ലെന്ന പരാതിയുടെ നിജസ്ഥിതി സമിതി ആരാഞ്ഞതിന് ഫണ്ടിന്റെ പ്രശ്നമല്ല കാരണമെന്നും, ഉടൻ ചേരുന്ന യോഗത്തിൽ പ്രസ്തുത വിഷയത്തിന്മേൽ വ്യക്തത വരുത്താമെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പ്ലാനിംഗ് & ഡെവലപ്മെന്റ്) അറിയിച്ചപ്പോൾ ഫണ്ടിന്റെ പ്രശ്നമില്ലെങ്കിൽ പ്രസ്തുത നഷ്ടപരിഹാരത്തുക യഥാസമയം കൊടുക്കുവാൻ കഴിയണമെന്ന് വനം വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു.

ക്രമാതീതമായി വംശവർദ്ധനവ് നടത്തുന്ന പന്നി, കുരങ്ങ് എന്നീ മൃഗങ്ങളുടെ എണ്ണം കുറയ്ക്കണമെന്ന് ഗവൺമെന്റ് മുൻപ് തീരുമാനമെടുത്തിരുന്നുവെങ്കിലും ആയത് പ്രാവർത്തികമാകുന്നില്ലെന്നും, പ്രസ്തുത വിഷയത്തിൽ ഗവൺമെന്റ് ശക്തമായി ഇടപെടണമെന്നും സമിതി അംഗം ആവശ്യപ്പെട്ടു.

തുടർന്ന് ഇടുക്കി ജില്ലയിലെ അടിമാലി, ഇടമലക്കുടി എന്നീ ആദിവാസി മേഖലകളിലെ റോഡ് നിർമ്മാണം വൈകുന്ന വിഷയം സമിതി ചർച്ച ചെയ്യുകയുണ്ടായി. പ്രളയശേഷം തകർന്ന പ്രസ്തുത റോഡുകളുടെ ശോച്യാവസ്ഥ കാരണം ആദിവാസികൾക്കുള്ള ഓണക്കിറ്റ് വിതരണം നടത്തുവാൻ സാധിക്കാത്ത സ്ഥിതി സംജാതമായ അവസരത്തിൽ വനം വകുപ്പ് റോഡ് വെട്ടി പ്രസ്തുത കോളനികളിലേക്ക് റേഷൻ വിതരണം നടത്തുകയുണ്ടായെന്ന് ബഹു. വനം മന്ത്രി അറിയിച്ചു. എന്നാൽ ഇത് ഒരു പഴയ വിഷയമാണെന്നും ആദിവാസികൾക്കായി വീടുകളും റോഡും നിർമ്മിക്കുന്ന പദ്ധതിപ്രകാരം റോഡ് പണി ആരംഭിച്ചപ്പോൾ തന്നെ വനസംരക്ഷണ നിയമത്തിന്റെ ലംഘനമാണെന്നാരോപണമുണ്ടായപ്പോൾ പ്രസ്തുത പ്രവർത്തനം നിർത്തിവയ്ക്കുകയുണ്ടായെന്നും കഴിഞ്ഞ 4 വർഷത്തോളമായി തുടർനടപടി ആരംഭിച്ചിട്ടില്ലെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

28 കുടികളിലായി രണ്ടായിരത്തിലധികം ആദിവാസികൾ താമസിക്കുന്ന ഇടമലക്കുടിയിൽ റോഡ് നിർമ്മാണ വിഷയത്തിൽ കോടതിയുടെ സ്റ്റേ ഓർഡർ ഇല്ലാത്ത സാഹചര്യത്തിൽ റോഡിന്റെ ശോച്യാവസ്ഥ പരിഹരിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന വിഷയം അടിയന്തരമായി പരിഗണിക്കണമെന്ന് ബഹു. സ്ഥലം എം.എൽ.എ. ആവശ്യപ്പെട്ടതിൻ പ്രകാരം തിരുവനന്തപുരത്ത് അടിയന്തരമായി പ്രത്യേകയോഗം വിളിച്ച് പ്രസ്തുത വിഷയത്തിന്മേൽ ഗവൺമെന്റ് തലത്തിൽ തീരുമാനം ഉണ്ടാക്കാമെന്ന് ബഹു. വനം വകുപ്പ് മന്ത്രി അറിയിച്ചു.

മലയോരഹൈവേ സംബന്ധിച്ച വിഷയം ബഹു. അംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. വനം വകുപ്പിന്റെ അധികാര പരിധിയിലുള്ള സ്ഥലത്തിലൂടെയാണ് മലയോര ഹൈവേ കടന്നു പോകുന്നതെന്നും, എന്നാൽ വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുകൊണ്ടാണ് പ്രസ്തുത ഹൈവേയുടെ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികളിലേക്ക് കടക്കാൻ സാധിക്കാത്തതെന്നും നിലവിൽ നടപടിക്രമങ്ങളെല്ലാം പൂർത്തിയായിട്ടുണ്ടെന്നും ഫയൽ ഇപ്പോൾ വനം വകുപ്പിന്റെ പരിഗണനയിലാണെന്നാണ് അറിയാൻ കഴിഞ്ഞതെന്നും ബഹു. അംഗം ചൂണ്ടിക്കാട്ടി. വനം വകുപ്പിന്റെ പരിധിയിൽ വരുന്ന പ്രദേശം സംബന്ധിച്ച വിവരം ലഭ്യമാക്കിയാൽ പ്രശ്നത്തിൽ ഇടപെടാമെന്ന് ബഹു. വനം വകുപ്പുമന്ത്രി അറിയിച്ചു.

പട്ടയം ലഭിച്ച ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോയെന്ന് സമിതി അംഗം ആരാഞ്ഞതിന് ഈ അടുത്ത കാലത്തായി റവന്യൂ വകുപ്പ് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് സമിതി ചെയർമാൻ മറുപടി നൽകി.

വാഴച്ചാൽ ഡിവിഷനിലെ ആനക്കയത്ത് ഉരുൾപൊട്ടലുണ്ടായ ശേഷം ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടെങ്കിലും വനം

വകുപ്പിന്റെ അനുമതി ഇല്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെന്നും. പ്രസ്തുത പ്രദേശത്തെ ആദിവാസികൾ പാറപ്പുറത്താണ് നിലവിൽ താമസിക്കുന്നതെന്നും പ്രസ്തുത വിഷയത്തിന്മേൽ അടിയന്തര നടപടി ഉണ്ടാകണമെന്നും ബഹു. അംഗം ആവശ്യപ്പെട്ടു.

ആനക്കയത്തെ പ്രശ്നം വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് വനം വകുപ്പിലേയ്ക്ക് ഫയൽ വന്നിട്ടില്ലെന്നും, കഴിഞ്ഞ യോഗത്തിൽ നിലമ്പൂരിലുള്ള രണ്ട് വിഷയങ്ങൾ പരിഗണിച്ചിരുന്നുവെന്നും ആദിവാസികൾ മണ്ണിടിച്ചിൽ ഭീഷണിയുള്ള സ്ഥലത്താണ് താമസിക്കുന്നതെങ്കിൽ അവരെ മാറ്റി താമസിപ്പിക്കേണ്ടതാണെന്നും എന്നാൽ നിയമപ്രകാരമുള്ള ചില തടസ്സങ്ങൾ കാരണമാണ് ഇത് സാധിക്കാത്തതെന്നും അവർ നിലവിൽ താമസിക്കുന്ന സ്ഥലത്ത് അവകാശം നൽകുവാനാണ് വനസംരക്ഷണ നിയമത്തിൽ അനുശാസിക്കുന്നതെന്നും അവകാശം തിരിച്ചു വാങ്ങുവാനോ മറ്റൊരു സ്ഥലത്ത് മാറ്റിക്കൊടുക്കുവാനോ നിലവിലുള്ള നിയമത്തിൽ പറയുന്നില്ലെന്നും അപകടസാധ്യത മുൻനിർത്തി ഗവൺമെന്റ് നയപരമായ മാറ്റം വരുത്തിയാലേ ഇതിന് ശാശ്വതപരിഹാരം കാണുവാൻ കഴിയുകയുള്ളൂവെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിലെ (ഡി. റ്റി. പി. സി.) ജീവനക്കാരെ സ്ഥിരം ജീവനക്കാരാക്കുന്നതിന്റെ ഭാഗമായി തസ്തിക തിരിച്ച് റിപ്പോർട്ട് നൽകിയിട്ട് മൂന്ന് വർഷം കഴിഞ്ഞുവെന്നും അവർക്ക് വേതനം നൽകുന്നത് അവരുടെ വരുമാനത്തിൽ നിന്നായിരിക്കെ തുടർനടപടികൾ വൈകുന്ന കാര്യത്തിൽ ബഹു. ടൂറിസം മന്ത്രി ഇടപെട്ട് വ്യക്തത വരുത്തണമെന്ന് സമിതി അംഗം ആവശ്യപ്പെട്ടപ്പോൾ ഈ വിഷയം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണെന്നും ഒരു തവണ ഈ വിഷയം ചർച്ച ചെയ്തതാണെന്നും, എല്ലാ ജില്ലകളിലും ഡി. റ്റി. പി. സി.-കൾ ഒരേ പോലെയല്ല പ്രവർത്തിക്കുന്നതെന്നും ആകയാൽ പൊതുവായി ഒരു തസ്തിക സൃഷ്ടിച്ച് സർവ്വീസ് റൂൾസ് നിർമ്മിക്കേണ്ടി വരുന്നതിനാലാണ് കാലതാമസം ഉണ്ടാകുന്നതെന്നും ടൂറിസം സെക്രട്ടറി മറുപടി നൽകി.

ഓരോ ജില്ലയുടെയും ഡി. റ്റി. പി. സി. കളുടെ പ്രവർത്തനം വ്യത്യസ്തമാണെന്നും, ഇടുക്കി ജില്ലയ്ക്ക് മാത്രമായി ഒരു പോളിസി തയ്യാറാക്കുവാൻ സാധിക്കില്ലെന്നും ഇതു സംബന്ധിച്ച് ടൂറിസം ഡയറക്ടർ ഗവൺമെന്റിലേക്ക് ഒരു പ്രൊപ്പോസൽ അയച്ചിട്ടുണ്ടെന്നും, പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച് സംസ്ഥാനത്തുടനീളം ഡി.റ്റി.പി.സി. യിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ പ്രശ്നപരിഹാരത്തിന് താമസംവിനാ നടപടി സ്വീകരിക്കാമെന്നും ബഹു. ടൂറിസം മന്ത്രി വ്യക്തമാക്കി.

അതിരപ്പിള്ളി യാത്രീനിവാസിന്റെ നിർമ്മാണത്തിന്റെ ആദ്യഘട്ടം മാത്രമാണ് ഇതുവരെ പൂർത്തിയായതെന്നും, ഇന്റീരിയർ വർക്ക് ഉൾപ്പെടെ അനുബന്ധ ജോലികൾ

പൂർത്തിയാക്കുവാനുണ്ടെന്നും പ്രസ്തുത ജോലികൾ അടുത്ത വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുമെന്ന് സമിതി അംഗത്തിന്റെ ചോദ്യത്തിന് മറുപടിയായി ടൂറിസം ഡയറക്ടർ-ഇൻ-ചാർജ് വ്യക്തമാക്കി.

പണി തുടങ്ങി പന്ത്രണ്ട് വർഷമായിട്ടും മൂന്നാറിലെ ഗസ്റ്റ് ഹൗസിന്റെ രണ്ടാംഘട്ടം പൂർത്തിയായിട്ടില്ലെന്ന് സമിതി ആക്ഷേപം ഉന്നയിച്ചു. പൊതുമരാമത്ത് വകുപ്പ് പണി പൂർത്തിയാക്കിയിട്ടുണ്ടെന്നും ഗസ്റ്റ് ഹൗസിന്റെയും യാത്രീനിവാസിന്റെയും പ്രവർത്തനം അടിയന്തരമായി ആരംഭിക്കുവാൻ സാധിക്കുമെന്നും ടൂറിസം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

മൂന്നാറിലെ ഗസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടില്ലെന്നും, ശ്രീ. കോടിയേരി ബാലകൃഷ്ണൻ മന്ത്രിയായിരുന്ന സമയത്ത് ആരംഭിച്ച നിർമ്മാണ പ്രവൃത്തിയാണിതെന്നും അതിപ്പോഴും തുടർന്നുവരികയാണെന്നുമുള്ള സമിതിയുടെ ആക്ഷേപത്തിന് മറുപടിയായി മൂന്നാർ, സുൽത്താൻബത്തേരി എന്നിവിടങ്ങളിലെ രണ്ട് ഗസ്റ്റ് ഹൗസുകളുടെ നിർമ്മാണ പ്രവർത്തനം അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബഹു. ടൂറിസം വകുപ്പ് മന്ത്രി വ്യക്തമാക്കി.

സമിതിയുടെ 2019-2020 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 1 മുതൽ 7 വരെയുള്ള ശിപാർശകൾക്ക് വനം വന്യജീവി വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളും ഖണ്ഡിക നമ്പർ 17 മുതൽ 30 വരെയുള്ള ശിപാർശകളിന്മേൽ വിനോദസഞ്ചാര വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

II. 399/19-ാം നമ്പർ എസ്. ആർ. ഒ. സാധൂകരണം:

പരിസ്ഥിതി വകുപ്പ് സമിതിയുടെ സാധൂകരണത്തിനായി ലഭ്യമാക്കിയ കൊല്ലം ജില്ലയിലെ ആശ്രാമം പ്രദേശം (ആശ്രാമം മൈതാനം ഒഴിവാക്കിക്കൊണ്ട്) ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രമായി വിജ്ഞാപനം ചെയ്തുകൊണ്ടുള്ള 399/19-ാം നമ്പർ എസ്. ആർ. ഒ പരിഗണിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് വിശദീകരണം ആരാഞ്ഞു. ഏകദേശം 28 ഇനം കണ്ടൽ കാടുകളാലും പ്രത്യേക ജനുസ്സിൽപ്പെട്ട അപൂർവ്വമായ വൻമരങ്ങളാലും നിബിഡമായ, പരിസ്ഥിതിക്ക് ഏറ്റവും അനുയോജ്യമായ ആശ്രാമം പ്രദേശത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട്, പ്രസ്തുത പ്രദേശത്തെ ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രമായി വിജ്ഞാപനം ചെയ്യുന്നതിനായി കൊല്ലം മേയർ ചെയർപേഴ്സണായിട്ടുള്ള ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയാണ്

പ്രൊപ്പോസൽ സമർപ്പിച്ചതെന്നും, സംസ്ഥാനത്ത് ആദ്യമായാണ് ഒരു പ്രദേശം ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രമായി പ്രഖ്യാപിക്കുന്നതെന്നും പ്രഖ്യാപനത്തിനുശേഷം പ്രസ്തുത പ്രദേശത്ത് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തേണ്ടി വരുമെന്നും കൂടാതെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി മാത്രമേ നടത്തുവാൻ സാധിക്കുകയുള്ളൂവെന്നും ടൂറിസം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

ഇപ്പോൾ അവിടെ നടക്കുന്ന രണ്ടു മൂന്ന് നിർമ്മാണപ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ ബഹു. ചെയർമാൻ ആരാഞ്ഞതിന് പ്രസ്തുത പൈതൃക കേന്ദ്രത്തിനുള്ളിൽ ശ്രീനാരായണ ഗുരുവിന്റെ പേരിലുള്ള സാംസ്കാരിക കോപ്ലക്സ് ഉൾപ്പെടുന്നുണ്ടെന്നും 2018-ൽ പ്രസ്തുത സ്ഥലം റവന്യൂ വകുപ്പ് സാംസ്കാരിക വകുപ്പിന് കൈമാറിയെങ്കിലും, വിജ്ഞാപനം ഇറങ്ങിയശേഷമാണ് സ്ഥലം സാംസ്കാരിക വകുപ്പിന് ലഭിക്കുന്നതെന്നും പൈതൃക കേന്ദ്രം വിജ്ഞാപനം ചെയ്തപ്പോൾ പ്രസ്തുത സ്ഥലവും ഉൾപ്പെട്ടുവെന്നും അതുകൊണ്ട് ആശ്രാമം മൈതാനം ഒഴിവാക്കിയ രീതിയിൽ സാംസ്കാരിക കേന്ദ്രം ഉൾപ്പെടുന്ന സ്ഥലം ഒഴിവാക്കുകയാണ് ഇനി ചെയ്യേണ്ടതെന്നും, 2018-ൽ സ്ഥലം സാംസ്കാരിക വകുപ്പിന് കൈമാറ്റം ചെയ്ത സ്ഥിതിക്ക് പ്രസ്തുത സ്ഥലം ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രത്തിന്റെ സൈറ്റിൽ ഉൾപ്പെടുത്താൻ പാടില്ലായിരുന്നുവെന്നും, അതുകൊണ്ട് ആ സ്ഥലം മാത്രം ഒഴിവാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കേണ്ടതെന്നും പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദമാക്കി. ഈ വിഷയം സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഒരു കേസ് നിലനിൽക്കുന്നുണ്ടെന്നും, ആയത് ഹിയറിംഗിനായി മാറ്റിവച്ചിരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഫിഷറീസ് വകുപ്പിന്റെ ഒരു കെട്ടിടത്തിന്റെ നിർമ്മാണവും അവിടെ നടക്കുന്നുണ്ടെന്ന് സമിതി ചെയർമാൻ ശ്രദ്ധയിൽപ്പെടുത്തിയതിന്, ഫിഷറീസ് വകുപ്പിന്റെ സ്ഥലം പൈതൃക കേന്ദ്രത്തിന്റെ സൈറ്റിൽ നിന്ന് ഒഴിവാക്കിയിട്ടില്ലെന്നും, ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി മാത്രമേ നിർമ്മാണപ്രവൃത്തികൾ തുടർന്ന് നടത്തുവാൻ പാടുള്ളൂ എന്ന് ഫിഷറീസ് വകുപ്പിനെ അറിയിച്ചിട്ടുണ്ടെന്നും, സാംസ്കാരിക കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയതുകൊണ്ട് അത് ഡീനോട്ടിഫൈ ചെയ്യാമെന്നും എന്നാൽ ഫിഷറീസ് വകുപ്പിന് അനുവാദം നൽകിയിട്ടില്ലെന്നും ടൂറിസം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു.

മേൽ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തേണ്ടതുണ്ടെന്നും അതിനായി കൂടുതൽ വിശദാംശങ്ങൾ അറിയേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ നിർദ്ദിഷ്ട കൊല്ലം ആശ്രാമം ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രത്തിൽ നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ടോ/ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ടി പ്രവൃത്തി

നടക്കുന്ന/നടപ്പാക്കുന്ന ഭൂപ്രദേശം, വിസ്തൃതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ; ടി നിർമ്മാണ പ്രവർത്തനത്തിന് ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ടോ; നിർമ്മാണ പ്രവൃത്തികൾ ജൈവവൈവിദ്ധ്യ സംരക്ഷണത്തിനും പരിപാലനത്തിനും കോട്ടം വരുത്തുമോ തുടങ്ങിയ വിശദവിവരങ്ങൾ ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു. പ്രസ്തുത വിവരങ്ങൾ ലഭ്യമായശേഷം ടി വിഷയം വീണ്ടും പരിഗണിക്കുവാനും സമിതി തീരുമാനിച്ചു.

III. കേരളത്തിലെ കായൽതീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ഫലപ്രദമായ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്ന വിഷയത്തിന്മേലുള്ള തുടർചർച്ച:

കേരളത്തിലെ കായൽതീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ഫലപ്രദമായ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്ന വിഷയം സംബന്ധിച്ച് തയ്യാറാക്കിയ ചോദ്യാവലിയിന്മേൽ തദ്ദേശസ്വയംഭരണം, വിനോദസഞ്ചാരം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ആയതിന്മേൽ തുടർചർച്ച നടത്തിയ സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് സമിതി ശിപാർശകൾ ഉൾപ്പെടുത്തി ഒരു പ്രത്യേക റിപ്പോർട്ട് തയ്യാറാക്കുവാൻ നിർദ്ദേശിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് ശേഷം 3.15 -ന് പിരിഞ്ഞു.

## 18-1-2021-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2021 ജനുവരി 18-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിലെ ഐ.ടി. മീഡിയ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.
2. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.
3. ശ്രീ. റോജി എം. ജോൺ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി. ലാലി വി. എസ്, അണ്ടർ സെക്രട്ടറി.

I. "കേരളത്തിലെ കായൽതീരവിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം" എന്ന വിഷയം സംബന്ധിച്ച് തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും, പ്രസ്തുത റിപ്പോർട്ട് 2021 ജനവരി 20-ാം തീയതി സഭയിൽ സമർപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 4300/സബ്.സി.എഫ്1/2019/നി.സെ.)

സമിതിയുടെ വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്രവികസനം എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 27, 28 എന്നീ ശിപാർശകളിന്മേൽ യഥാക്രമം വനം-വന്യജീവി, പരിസ്ഥിതി എന്നീ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 1663/സബ്.സി.എഫ്1/2020/നി.സെ.)

സമിതി യോഗം വൈകുന്നേരം 5.50-ന് പിരിഞ്ഞു.

---